(സി) ട്രാൻസ്പോർട്ടുവകുപ്പിൽ 55 വയസ്സിൽ കൂടുതലുള്ള ആരേയും നിയമിച്ചിട്ടില്ല. ഭാഷാനിയമക്കമ്മിഷനിൽ

1. ശ്രീ. എം. പി.
2. ശ്രീ. പി. ശങ്കരൻ ഇളയത്
3. ശ്രീ. കെ. ഭാസ്കരമേനോൻ
4. ശ്രീ. പി. ദാമോദരൻനായർ
5. ശ്രീ. പി. ജെയിംസ്

ഇവരിൽ ആദ്യത്തെ മൂന്നുപേരുടെയും നിയമനം ഈ ഗവൺമെൻറു അധികാരത്തിൽ വരുന്നതിനു മുമ്പാണ് നടന്നത്.

ഭൂവിതരണ കമ്മിറ്റികൾ

* 190. (712) ശ്രീ. കെ. ടി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) താലൂക്ക് ഭൂവിതരണകമ്മിറ്റികൾ നിയമസഭയിലുള്ള രാഷ്ട്രീയ കക്ഷികളുടെ പ്രാതിനിധ്യം അനുസരിച്ചാണോ സംഘടിപ്പിച്ചിട്ടുള്ളത്;

(ബി) എങ്കിൽ അതിനുശേഷം നിയമസഭയിൽ ഇല്ലാതായ ചില രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ പിരിച്ചുവിടുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയകക്ഷികളുടെ കാരോ പ്രതിനിധിയേയും താലൂക്കിനെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. മാരേയും എം. പി. മാരേയും ഗവൺമെൻറിൽനിന്നും നോമിനേറ്റു ചെയ്യുന്ന ഒരു ഹരിജൻമെമ്പറേയും ഉൾപ്പെടുത്തിയാണ് ഓരോ താലൂക്കിലും ഭൂവിതരണകമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്.

(ബി) പരിശോധിച്ചു തീരുമാനിക്കാവുന്നതാണ്.

സോയിൽ കൺസർവേഷൻ റിസർച്ച് കം ട്രെയിനിംഗ്

* 191. (714) പന്തളം ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവുംമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സോയിൽ കൺസർവേഷൻ റിസർച്ച് കം ട്രെയിനിംഗ സെൻറുകൾ കേരളത്തിൽ എവിടെയൊക്കെയുണ്ട്;

(ബി) കേരളത്തിലെ പ്രസ്തുത സെൻറിൻെറ മുഴുവൻ ചെലവ് കേന്ദ്രഗവൺമെൻറു വഹിക്കാമെന്നു ഉറപ്പുതന്നിരുന്നില്ലേ;

(സി) ആ തുക ഉപയോഗിച്ച് ട്രെയിനിംഗ് സെൻറർ ആരംഭിക്കാതിരുന്നതിനും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കാതിരുന്നതിനും കാരണമെന്ത്;

(ഡി) ട്രെയിനിംഗ് സെൻറർ ആരംഭിക്കേണ്ടതില്ലെന്നു അടുത്ത കാലത്ത് തീരുമാനിച്ചോ?

(ഇ) തീരുമാനിച്ചെങ്കിൽ അതിനുകാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും ജലസേചനവും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) സോയിൽ കൺസർവേഷൻ ട്രെയിനിംഗ് സെൻറർ കേരളത്തിൽ സ്ഥാപിച്ചിട്ടില്ല. എന്നാൽ കോന്നിയിൽ ഒരു സോയിൽ കൺസർവേഷൻ റിസർച്ച് സ്റ്റേഷൻ നിലവിലുണ്ട്.

(ബി) അമ്പതു ശതമാനം ചെലവു കേന്ദ്രഗവൺമെൻറു വഹിക്കാമെന്ന് ഉറപ്പുതന്നിരുന്നു.

(സി) കോന്നിയിൽ ട്രെയിനിംഗ് സെൻറർ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടങ്ങളും മറ്റും സ്ഥാപിച്ചുകഴിഞ്ഞു.

(ഡി) ട്രെയിനിംഗ് സെൻറർ തൽക്കാലം തുടങ്ങേണ്ടെന്നു തീരുമാനിച്ചിട്ടുണ്ട്.

(ഇ) അത്തരം ട്രെയിനിംഗ് സെൻറർ അത്യന്താപേക്ഷിതമെന്നു സർക്കാരിന് ബോധ്യമാകാത്തതുകൊണ്ട്.

ആശുപത്രികളിൽ നൽകുന്ന റേഷൻഅരി

* 192. (715) ശ്രീ. പി. വി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറു ആശുപത്രികളിലേക്കു നൽകിവരുന്ന റേഷനരി രോഗികൾക്കു ഭക്ഷിക്കാൻ പറ്റാത്ത തരത്തിൽ വളരെ മോശപ്പെട്ടതാണെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

(ബി) ഇതുസംബന്ധിച്ച് വല്ല പരാതികളും ആശുപത്രി അധികൃതരിൽ നിന്നോ രോഗികളിൽനിന്നോ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

റവന്യൂമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്):

(എ) ഇല്ല.

(ബി) ഇല്ല.

പഞ്ചായത്തുകളുടെ വരുമാനം

* 193. (717) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമ വ്യവസ്ഥകൾ അസാധുവാക്കികൊണ്ടുള്ള ഹൈക്കോടതി വിധികൾമൂലം പഞ്ചായത്തുകളുടെ പല വരുമാനമാർഗ്ഗങ്ങളും നഷ്ടപ്പെട്ടിട്ടുണ്ടെന്നുള്ളത് വാസ്തവമാണോ?

(ബി) ആണെങ്കിൽ ഈ നിയമ തടസ്സങ്ങൾ നീക്കി പഞ്ചായത്തുകൾക്ക് നഷ്ടപ്പെട്ട വരുമാനമാർഗ്ഗങ്ങൾ വിട്ടുകിട്ടുവാൻ വല്ല നടപടികളും ഗവൺമെൻറു കൈകൊണ്ടിട്ടുണ്ടോ?

പഞ്ചായത്തും സാമൂഹ്യവികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ)

(എ) അതെ.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly